പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ന്യൂ ബിൽഡിംഗ്സ്,
ജഗതി തിരുവനന്തപുരം
ഇ-മെയിൽ- jdacad@gmail.com
ഫോൺ: 0471-2580738

നമ്പർ:എച്ച്എസ്ഇ 11814/2024-എസിഡി എസ് പി എൽ4 | തീയതി. 09/07/2024

## സർക്കുലർ

വിഷയം: പൊ.വി.വ വിദ്യാഭ്യാസ ഹ.സെ.വി. 2024-25 അധ്യയന വർഷത്തെ വിദ്യാഭ്യാസ കലണ്ടറിന്റെ വിതരണം- ആർ.ഡി.ഡിമാർ പാലിക്കേണ്ട അടിയന്തിര നടപടിക്രമങ്ങൾ - സംബന്ധിച്ച്

2024-25 അധ്യയന വർഷത്തെ അക്കാദമിക് കലണ്ടർ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ഹയർസെക്കന്ററി വിഭാഗത്തിന്റെ വിവിധ ആർ.ഡി.ഡികളിൽ ലഭ്യാക്കിയിട്ടുണ്ട്.ആർ.ഡി.ഡിമാരും ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരും പ്രസ്തുത കലണ്ടറുകളുടെ വിതരണം,ധനവിനിയോഗം, സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച് അടിയന്തിരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. 2024-25 അധ്യയന വർഷത്തെ അക്കാദമിക് കലണ്ടറിന്റെ വില (1 എണ്ണം) 60 രൂപയായി നിശ്ചയിട്ടുള്ളതാണ്.സർക്കാർ,എയ്ഡഡ് - അൺ എയ്ഡഡ് വ്യതാസമില്ലാതെ ഹയർ സെക്കന്ററി സ്കൂളുകളെല്ലാം കലണ്ടർ വാങ്ങേണ്ടതാണ്.

2. സർക്കാർ സ്കൂളുകൾക്ക് സൗജന്യമായും, എയ്ഡഡ് - അൺ എയ്ഡഡ് സ്കൂളുകൾക്ക് വില ഈടാക്കിയുമാണ് വിതരണം ചെയ്യേണ്ടത്.എയ്ഡഡ്,അൺഎയിഡഡ് സ്കൂൾ പ്രിൻസിപ്പൽമാർ സമയബന്ധിതമായി കലണ്ടറുകളുടെ വില ആർ.ഡി.ഡിമാർക്ക് നൽകേണ്ടതാണ്.

3. സർക്കാർ സ്കൂളുകൾക്ക് ഓരോ കലണ്ടർ വീതവും എയ്ഡഡ്- അൺ എയ്ഡഡ് സ്കൂളുകൾക്ക് വിലയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ളത്രയും കലണ്ടറുകൾ വിതരണം ചെയ്യാവുന്നതാണ്.

4. എയ്ഡഡ്-അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും ലഭിക്കുന്ന കലണ്ടറിന്റെ ആകെ തുക ബന്ധപ്പെട്ട ആർ.ഡി.ഡി മാർ ശേഖരിക്കുകയും, ടി. തുക 0202-01-102-97(03) Other Receipts. എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും ചലാന്റെ പകർപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ

സെക്കന്ററി വിഭാഗം (അക്കാദമിക് സ്പെഷ്യൽ സെൽ) -ൽ തപാൽ മുഖേനയും jdacad@gmail.com എന്ന ഈമെയിൽ വിലാസത്തിലും യഥാസമയം ലഭ്യമാക്കേണ്ടതാണ്.

5. കലണ്ടറുകളുടെ എണ്ണം,വിതരണം ചെയ്തത് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

6. കലണ്ടറുകളുടെ വിതരണം സ്കൂളുകളിൽ വേഗം തന്നെ പൂർത്തിയാക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
(അക്കാദമിക്)

<u>പകർപ്പ്:</u>
1. എല്ലാ മേഖല ഉപമേധാവിമാർക്കും
2. എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും